ഫിഷ്‌ലാന്റിംഗ് സെന്ററുകളെ അന്തർദേശീയ നിലവാരമുള്ളവയാക്കാൻ നടപടി

35 [5411] ശ്രീമതി രാധാരാഘവൻ:
ശ്രീ. എ. പി. അനിൽ കുമാർ:
,, വി. ബാലറാം:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഫിഷ്‌ലാന്റിംഗ് സെന്ററുകളെ അന്തർദേശീയ നിലവാരമുള്ളവയാക്കി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തെല്ലാം കാര്യങ്ങളാണ് ഇനി ചെയ്യേണ്ടത്;

(സി) ഇതിനുവേണ്ടി എന്ത് ചെലവ് വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ തുക എപ്രകാരമാണ് കണ്ടെത്തുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ചുള്ള നിലവാരത്തിലേയ്ക്ക് ഈ ഫിഷ്‌ലാന്റിംഗ് സെന്ററുകളെ ഉയർത്തുന്നതിന് ശുചിത്വ പരിപാലനം, മാലിന്യ നിർമ്മാർജ്ജനം, മത്സ്യ സംസ്കരണ സംവിധാനം, ശുദ്ധജല ലഭ്യത തുടങ്ങിയവ ഉറപ്പാക്കേണ്ടതുണ്ട്.

(സി) 153 ലക്ഷം രൂപ.

(ഡി) ആകെ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കുമ്പോൾ ബാക്കി 50% കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഫിഷിംഗ് ഹാർബറിനെ വാണിജ്യ തുറമുഖങ്ങളാക്കുവാൻ നടപടി

36 [5412] ശ്രീ. പി. ടി. തോമസ്:
,, കെ. മുഹമ്മദാലി:
ശ്രീമതി രാധാരാഘവൻ:
ശ്രീ. വി. ബാലറാം:
,, എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫിഷിംഗ് ഹാർബറുകളുണ്ട്;

(ബി) ഇവയിൽ ഏതെങ്കിലും ഹാർബറിനെ വാണിജ്യ തുറമുഖങ്ങളാക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ഫിഷിംഗ് ഹാർബറുകളെയാണ് വാണിജ്യ തുറമുഖങ്ങളാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) അവയെ വാണിജ്യ തുറമുഖങ്ങളാക്കുമ്പോഴും ഫിഷിംഗ് ഹാർബർ എന്ന നിലയിലുള്ള സൗകര്യങ്ങൾ നിലനിർത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly